**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5141** **11-08-2021 - ൽ മറുപടിയ്ക്ക്**

**കിലയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾക്കും ജീവനക്കാർക്കും പരിശീലനം നൽകുന്ന കിലയെ ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ കിലയിൽ താഴെ പറയുന്ന വിവിധ വിഷയമേഖലാ കേന്ദ്രങ്ങൾ ഉണ്ട്. അവ ശക്തിപ്പെടുത്തും സെന്റർ ഫോർ സബ് ഓൾട്ടെൻ സ്റ്റഡീസ് സെന്റർ ഓഫ് അർബൻ ഗവേണൻസ് (CUG)& സൗത്ത് ഏഷ്യൻ സ്കൂൾ ഓഫ് ലോക്കൽ ഗവേണൻസ് (SAS) ലീഗൽ റിസോഴ്സ് സെൻറർ ഫോർ ലോക്കൽ ഗവേണൻസ് സെൻറർ ഫോർ ജിയോ ഇൻഫോർമാറ്റിക്സ് & ആർ.ഡി ചൈൽഡ് റിസോഴ്സ് സെന്റർ (CRC) സെൻറർ ഫോർ എസ്.ഡി.ജി & ലോക്കൽ ഗവേണൻസ് ജെൻറർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ് സെന്റർ ഫോർ ക്ലൈമെറ്റ് ചെയിഞ്ച്, ബയോ ഡിവേർസിറ്റി ആൻഡ് എൻ വയൻമെന്റ് 2.കേരളത്തിലെ അധികാര വികേന്ദ്രീകരണത്തെ കുറിച്ചുള്ള മ്യൂസിയം ഇത് സംബന്ധിച്ച പ്രവർത്തനം അവസാന ഘട്ടത്തിലാണ്. ഈ വർഷം തന്നെ പൂർത്തിയാകും. 3. തളിപ്പറമ്പിൽ പുതിയ കേന്ദ്രവും പുതിയ കോഴ്സും. കിലയുടെ തളിപ്പറമ്പ് കേന്ദ്രത്തിൽ പുതുതായി വിപുലമായ അക്കാദമിക് കേന്ദ്രം ആരംഭിക്കും. ആധുനിക ലോകത്തിലെ ഭരണവും വികസനവും കോർത്തിണക്കിയ വിവിധ കോഴ്സുകൾക്ക് രൂപം നൽകും. സർവ്വകലാശാലകളുമായും ഇതര അക്കാദമിക് സ്ഥാപനങ്ങളുമായും കൈകോർത്തു കൊണ്ട് മികവിന്റെ കേന്ദ്രമായി ഈ കേന്ദ്രത്തെ വളർത്തും. ആദ്യ പടി എന്ന നിലയിൽ പ്രസ്തുത കേന്ദ്രത്തിലെ ആദ്യ കോഴ്സിന്റെ കരിക്കുലം, സിലബസ് എന്നിവ അന്തിമമാക്കും. 4.സംയോജിത വകുപ്പിൽ എല്ലാ ജീവനക്കാർക്കും പരിശീലനം. തദ്ദേശ സ്വയംഭരണ വകുപ്പ് സംയോജനം പൂർത്തിയാകുന്ന സാഹചര്യത്തിൽ ഈ വർഷം തന്നെ എല്ലാ ജീവനക്കാർക്കും ആമുഖ പരിശീലനം ഉറപ്പ് വരുത്തുന്ന വിപുലമായ പരിപാടി ആസൂത്രണം ചെയ്തു |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കും. ഇതുവഴി തദ്ദേശസ്വയംഭരണ വകുപ്പിന്റെയും കിലയുടെയും ശാക്തീകരണം സാധ്യമാകും. 5.നൈപുണ്യ വികസനത്തിന് 100 പരിശീലന കോഴ്സുകൾ സംസ്ഥാനസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള തൊഴിൽ രംഗത്തെ മുന്നേറ്റത്തിനു സഹായകമായി കിലയുടെ വിവിധ കേന്ദ്രങ്ങളിലായി 100 വിഷയങ്ങളിൽ നൈപുണ്യ വികസന പരിപാടികൾക്ക് തുടക്കം കുറിക്കും. 6.ഓൺലൈൻ പരിശീലനങ്ങൾക്കായി സ്റ്റുഡിയോ ഓൺലൈൻ പരിശീലനങ്ങൾ വർദ്ധിച്ച് വരുന്നതിനാലും നൂതന പരിശീലന സങ്കേതങ്ങൾ ഉപയോഗിച്ച് മുന്നേറേണ്ടതിനാലും അതിനാവശ്യമായ ഒരു സ്റ്റുഡിയോ കിലയിൽ ഈ വർഷം സ്ഥാപിക്കും. 7.തദ്ദേശകം ഓൺലൈൻ ചർച്ചാ വേദി തദ്ദേശ ഭരണം വ്യവസ്ഥാപിതമാക്കുന്നതിലും ശക്തിപ്പെടുത്തുന്നതിലും ഇത് സംബന്ധിച്ച ആശയവിനിമയവും ചർച്ചകളും അനിവാര്യമാണെന്നതിനാൽ തദ്ദേശകം എന്ന പേരിൽ ഒരു ഓൺലൈൻ ചർച്ചാ വേദിക്ക് തുടക്കം കുറിക്കും. 8.കിലയുടെ കാമ്പസ് വിപുലീകരണം കിലയുടെ തൃശ്ശൂർ കാംപസ് ഈ വർഷം വിപുലീകരിക്കും. അതോടൊപ്പം നവീകരിച്ച ഓഡിറ്റോറിയം പ്രവർത്തന സജ്ജമാക്കും. 9. പട്ടിക വർഗ വികസന കാര്യശേഷി വികസന പരിപാടി കിലയുടെ അട്ടപ്പാടി കേന്ദ്രം ആസ്ഥാനമാക്കി പട്ടികവർഗ വികസനത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലിനായി സമഗ്രമായ കാര്യശേഷി വികസന പരിപാടി തയ്യാറാക്കി പരിശീലനം ആരംഭിക്കും. |
| (ബി) | കിലയ്ക്ക് എല്ലാ ജില്ലകളിലും പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; | (ബി) | ഇപ്പോൾ അഞ്ചു ജില്ലകളിൽ കിലയുടെ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മറ്റു ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നത് തൽക്കാലം പരിഗണനയിലില്ല. |
| (സി) | സർക്കാർ സർവ്വീസിൽ ജോലിക്ക് കയറുന്ന എല്ലാ ജീവനക്കാർക്കും കില വഴി രണ്ടാഴ്ചത്തെ പരിശീലനം നൽകിയതിന് ശേഷം മാത്രം ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ ? | (സി) | തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ